പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4964

04.07.2012- ൽ മറുപടിക്ക്

## വിവിധ ഭരണ നിർവ്വഹണ പദ്ധതികൾവഴി വീട് നിർമ്മാണ സഹായം

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭരണ നിർവ്വഹണ പദ്ധതി പ്രകാരം പുതുതായി വീടും ഭൂമിയും അല്ലെങ്കിൽ വീടുമാത്രം നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികളുടെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

**ഉത്തരം**

ശ്രീ.കെ.എം.മാണി.
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

എ) വിവിധപദ്ധതികളുടെ ലക്ഷ്യവും നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണ വകുപ്പ്

1. സാഫല്യം ഭവന പദ്ധതി

കേരളത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് ഭവന നിർമ്മാണ ബോർഡു മുഖേന ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ചു നൽകുക എന്നതാണ് ഈ ഭവന പദ്ധതിയുടെ ലക്ഷ്യം. ഇതിലേയ്ക്കായി 2011-12 -ലെ ബഡ്ജറ്റ് വിഹിതമായ 1 കോടി രൂപ ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചു. സാഫല്യം ഭവന പദ്ധതിയ്ക്കായി 2012-13 ബഡ്ജറ്റിൽ 17 കോടി രൂപ വകയിരുത്തുകയും ചെയ്തു.

2 കോഴിക്കോട് ശാന്തിനഗർ (ബംഗ്ളാദേശ് കോളനി) പുനരധിവാസ ഭവന പദ്ധതി-

കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ (ശാന്തിനഗർ കോളനി) 340 കുടുംബങ്ങളുടെ പുനരധിവാസമാണ് പദ്ധതി ലക്ഷ്യം. ഇതിനായി 15 കോടി രൂപ അനുവദിക്കുകയും, 218 വീടുകളുടെ പണി പുരോഗമിച്ചു വരുകയും ചെയ്യുന്നു.

3. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം:

നഗരത്തിൽ ജോലിചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് താമസിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതി പ്രകാരം പൂജപ്പുര, തൃശ്ശൂർ- കുട്ടനെല്ലൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ 8 കോടി രൂപ അടങ്കൽ ചെലവിൽ 96 ഫ്ളാറ്റുകളുടെ പണി പുരോഗമിക്കുന്നു. ഈ വർഷം ഇതു പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

4. സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതികൾ-

കാസർഗോഡ് 12 ഫ്ളാറ്റുകൾക്കും, ദേവികുളം 6 ഫ്ളാറ്റുകൾക്കും ഭരണാനുമതി നൽകി. 400 ലക്ഷം രൂപ അനുവദിച്ചു. ഈ വർഷം ഇതു പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

5. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി-

ഈ പദ്ധതി പ്രകാരം ഒരു വീടിന്റെ പുനർനിർമ്മാണ ചെലവ് 1 ലക്ഷം രൂപയായും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ജനറൽ വിഭാഗത്തിന് 75,000/- പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം, പട്ടിക വർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയും ബോർഡുവഴി വിതരണം ചെയ്യുന്നു. 25 ച.മീ മുതൽ 50 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വീടുകളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഈ പദ്ധതി പ്രകാരം 12405 വീടുകൾക്ക് അനുവാദം നൽകുകയും, 7943 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 6296 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഇതിനായി 51.91 കോടി രൂപ സർക്കാർ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ വർഷം ബാക്കിയുള്ള വീടുകൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

6. സുനാമി പുനരധിവാസ ഭവന പദ്ധതി

ഈ പദ്ധതി പ്രകാരം 1995 വീടുകളുടെ നിർമ്മാണം ഭവന നിർമ്മാണ ബോർഡ് ഏറ്റെടുക്കുകയും 1819 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു. 44 വീടുകളുടെ പണി അന്തിമ ഘട്ടത്തിലാണ്.

7. സുരക്ഷാ ഭവന പദ്ധതി-

സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലുമുള്ളവർക്ക് 1 ലക്ഷം രൂപ നിർമ്മാണചെലവു വരുന്ന വീടു നിർമ്മിക്കുന്നതിന് 25,000/-രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഗുണഭോക്താവിന്റ വിഹിതം 25,000/-രൂപയും, സന്നദ്ധ സംഘടന/തദ്ദേശ സ്വയം ഭരണ സ്ഥാപനം വിഹിതം 50,000/- രൂപയുമാണ്. ഈ പദ്ധതിയിൽ 2908 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡുവഴി ധനസഹായം നൽകിയിട്ടുള്ളതിൽ 2011-12 കാലയളവിൽ 414 ഭവനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

8. ഹരിത ഭവനം പദ്ധതി -

കൊച്ചി പനമ്പിള്ളി നഗറിലും, തിരുവനന്തപുരം അമ്പലനഗറിലും ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തി പാരസ്പര്യ ഭവന പദ്ധതി പ്രകാരം ഉടൻ നടപ്പാക്കുന്നതാണ്.

9. കവടിയാർ ഹൈറ്റ്സ് ഫ്ളാറ്റ് പദ്ധതി-

പാരസ്പര്യം ഭവന പദ്ധതി പ്രകാരം കവടിയാർ ഹൈറ്റ്സ് ഫ്ളാറ്റ് പദ്ധതി 10.34 കോടി അടങ്കൽ ചെലവിൽ 36 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

മറ്റ് വകുപ്പുകൾ മുഖേന നടത്തുന്ന പദ്ധതികളുടെ ലക്ഷ്യങ്ങളും നേട്ടങ്ങളെക്കുറിച്ചും വിവരം ശേഖരിച്ച് നൽകുന്നതാണ്

| | | | |
|---|---|---|---|
| ബി | ഏതെല്ലാം പദ്ധതികൾ വഴി എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണ സഹായം ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ എത്ര കുടുംബങ്ങൾക്ക് വീട് ലഭിക്കുകയുണ്ടായി; | ബി | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| സി | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂമിയും വീടും ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്; ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവരെത്ര; വിശദമാക്കുമോ; | സി | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| ഡി | ഇതിൽ വിവിധ പദ്ധതികൾവഴി വീടുവയ്ക്കാനുള്ള ആനുകൂല്യത്തിനായി പരിഗണിക്കപ്പെട്ടവരെത്രയായിരുന്നു; | ഡി | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| ഇ | ഭൂമിയും വീടും ഇല്ലാത്ത ഭൂമി ഉണ്ടെങ്കിലും വീടില്ലാത്ത വിഭാഗങ്ങളിൽ, യാതൊരു ഭവന പദ്ധതി ആനുകൂല്യങ്ങളും ഇതിനകം പരിഗണിക്കപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ? | ഇ | തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ